# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

## പ്രവചന കാലയളവ് 19.02.2025 മുതൽ 23.02.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 07/2025 (14) ചൊവ്വാഴ്ച | തീയ്യതി 18/02/2025 |
|---|---|

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| കാലാവസ്ഥാ ഘടകങ്ങൾ | 19.02.2025 | 20.02.2025 | 21.02.2025 | 22.02.2025 | 23.02.2025 |
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 77 | 77 | 77 | 77 | 77 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 30 | 30 | 30 | 30 | 30 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 3 | 4 | 8 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 50 | 50 | 50 | 70 | 50 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 5 | 3 | 3 | 4 |

കാലാവസ്ഥാ അറിയിപ്പ്:- പൊതുവെ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:-** കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | മൂപ്പെത്തിയ പരുവം | മൂപ്പെത്തിയ നെല്പാടങ്ങളിൽ കൊയ്ത്ത് നടത്താവുന്നതാണ്. |
| നെല്ല് പുഞ്ച (ഞാറ്പരുവം) | പരിചരണം | പുഞ്ച കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. |
| വാഴ,തെങ്ങ് | ജലസേചനം | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ വാഴ, തെങ്ങ് എന്നിവയ്ക്ക് ആവശ്യാനുസരണം ജലസേചനം നൽകുക. മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിന് പുതയിടീൽ അവലംബിക്കാവുന്നതാണ് . |
| കവുങ്ങ് | പരിചരണം | കവുങ്ങിൻ തടിയിൽ വെയിൽ ഏൽക്കാതെ വെള്ള പൂശുകയോ, പാള വെച്ച് കെട്ടുകയോ ചെയ്യുക. |

മൃഗസംരക്ഷണം-: വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാൻ വിടാതിരിക്കുക. (CAADECCS KVASU, Mannuthy)